(സി) ഏകദേശം 6600 കോടി രൂപയാണ് പദ്ധതി നടപ്പിലാക്കുന്ന എൻ.ടി.പി.സി. വകയിരുത്തിയിട്ടുള്ളത്.

(ഡി) കായംകുളം രണ്ടാംഘട്ട പദ്ധതിക്ക് 1950 മെഗാവാട്ട് ശേഷിയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് നടപ്പിലാകുന്നതുമൂലം പ്ലാന്റ് ലോഡ് ഫാക്ടർ 80% ആയി കണക്കാക്കിയാൽ പ്രതി വർഷം 13665 മില്യൺ യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

*18[348]ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
,, ബിനോയ് വിശ്വം:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പും ഭൂഗർഭ ജല വകുപ്പും ചേർന്ന് നടപ്പാക്കുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണെന്നും ഇത് പൂർത്തിയാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) പൂർത്തിയായിട്ടില്ലെങ്കിൽ ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഇതുവരെ ലോക ബാങ്കിൽ നിന്നും ലഭിച്ച സഹായം എത്രയെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാന ഭൂതല ജലവകുപ്പും ഭൂഗർഭജല വകുപ്പും സംയുക്തമായി നടപ്പിലാക്കിയ ഒരു പഠന പദ്ധതിയാണ് ഹൈഡ്രോളജി പ്രോജക്ട്. നിലവിലിരുന്ന ഗേജിംഗ് സംവിധാനങ്ങൾ (റിവർ ഗേജ്/റെയിൻ ഗേജ്) നൂതന ശാസ്ത്രീയ രീതിയിൽ വികസിപ്പിക്കുക, കേരളത്തിലുടനീളം നിരീക്ഷണ കിണറുകൾ നിർമ്മിച്ച് അതിൽ ഓട്ടോമാറ്റിക് വാട്ടർ ലവൽ ഇന്റിക്കേറ്റർ ഘടിപ്പിച്ച് ഭൂജലത്തിന്റെ ജല വിതാനം ഓരോ ആറുമണിക്കൂർ ഇടവിട്ട് കംപ്യൂട്ടർ മുഖേന രേഖപ്പെടുത്തി ഡാറ്റാ സെന്ററിൽ സൂക്ഷിക്കുക, ഒരു ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം രൂപീകരിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1995 സെപ്റ്റംബർ 22-ാം തീയതി തുടങ്ങിയ ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 2003 ഡിസംബർ 31-ന് പൂർത്തിയായി.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്രസ്തുത പദ്ധതിക്ക് വേണ്ടി ലോകബാങ്കിൽ നിന്നും ഇതുവരെ 240.999 ദശലക്ഷം രൂപ സാഹായം ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ട്രൈബൽ സ്കൂളുകൾ

*19 [349] ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്ജ്:
" ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എത്ര ട്രൈബൽ സ്കൂളുകൾ ഉണ്ടെന്നും അവ എവിടെയെല്ലാമെന്നും അറിയിക്കാമോ;

(ബി) ഈ സ്കൂളുകളിൽ എത്ര കുട്ടികൾ ഉണ്ടെന്നും അവർക്കുവേണ്ടി ഇക്കഴിഞ്ഞ സാമ്പത്തിക വർഷം എന്ത് തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഇതിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) തുക ലാപ്സായിട്ടുണ്ടെങ്കിൽ അതിന് കാരണമെന്തെന്നും, അലോട്ട്മെന്റ് തുക വിനിയോഗിക്കാത്തതിന്റെ പേരിൽ സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ഇ) തുക ലാപ്സാക്കുന്നത് ഒഴിവാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ട്രൈബൽ സ്കൂളുകൾ എന്ന പേരിൽ ഇപ്പോൾ സ്കൂളുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ ഈ വകുപ്പിന്റെ കീഴിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് വേണ്ടി 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ആശ്രമം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അവ എവിടെയെല്ലാമാണെന്നുള്ള വിവരം † അനുബന്ധമായി ചേർത്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly